പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 298

22.02.2016- ൽ മറുപടിക്ക്

## വയോജന സൗഹൃദ സംസ്ഥാനം

ചോദ്യം

ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീ.കെ.രാജു
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.ഇ.കെ.വിജയൻ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനം വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്കായുള്ള നയം അംഗീകരിക്കുകയും വയോ സൗഹൃദ പഞ്ചായത്തുകൾ എന്ന പ്രവർത്തനം പൈലറ്റ് അടിസ്ഥാനത്തിൽ തുടക്കം കുറിച്ചിട്ടുമുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ചുകൊണ്ട് മുതിർന്ന പൗരന്മാരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൾഡ് ഏജ് പെൻഷൻ, ആരോഗ്യ സംരക്ഷണം, സ്ഥാപനപരമായ സംരക്ഷണം, ഡിമെൻഷ്യ കെയർ, വയോ അമൃതം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു. |
| (ബി) | വയോജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഈ പഠന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | വയോജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു റഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായി പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മുൻ അഡീഷണൽ എ.ജി. ശ്രീ.വി.കെ.ബീരാനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**